"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -ജീവനക്കാര്യം- ശ്രീ.കെ.ജി.രവീന്ദ്രൻ(റിട്ട) മുൻസിപ്പൽസെക്രട്ടറി ഗ്രേഡ് III(പ്രൊവിഷണൽ) ഫയൽ ചെയ്ത OA (EKM) 231/2025 -ലെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25.03.2025 ലെ വിധിന്യായം നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു )വകുപ്പ്**

സ.ഉ.(സാധാ) നം.1419/2025/LSGD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:-

1. 14.12.2010 ലെ സ.ഉ(സാധാ)നം.3917/2010/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 15.12.2010 ലെ സ.ഉ(സാധാ)നം.3922/2010/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. 21.02.2015-ലെ സ.ഉ(സാധാ)നം522/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM)1985/2023 മേലുള്ള 18.01.2024-ലെ വിധിന്യായം
5. 03.07.2024-ൽ സ.ഉ(സാധാ)നം1196/2024/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
6. 18.10.2024 ൽ സ.ഉ(സാധാ)നം1980/2024/LSGD നമ്പർ സർക്കാർ ഉത്തരവ്
7. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM)231/2025 മേലുള്ള 25.03.2025- ലെ വിധിന്യായം
8. ശ്രീ.കെ.ജി.രവീന്ദ്രൻ(റിട്ട) മുൻസിപ്പൽ സെക്രട്ടറി-III തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയിക്ക് സമർപ്പിച്ച 28.01.2025 തീയതിയിലെ അപേക്ഷ
9. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.05.2025-ലെ LSGD/PD/68536/2023-PENB6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ.കെ.ജി.രവീന്ദ്രൻ(റിട്ട), മുൻസിപ്പൽ സെക്രട്ടറി III (പ്രൊവിഷണൽ), ടി തസ്തികയിൽ , ടിയാൾക്ക് ലഭിച്ചിരുന്ന ശമ്പളം മുനിസിപ്പൽ കോമൺ സർവീസിൽ ലഭിക്കുമായിരുന്ന ശമ്പളത്തേക്കാൾ വളരെ കുറവായിരുന്നുവെന്നും മുനിസിപ്പൽ കോമൺ സർവീസിൽ തുടരുമായിരുന്നെങ്കിൽ ലഭിക്കുമായിരുന്ന പ്രൊമോഷനുകൾ ടിയാന് അനുവദിച്ചിരുന്നുവെങ്കിലും ടി തസ്തികകളിലെ ശമ്പളം നിജപ്പെടുത്തി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഫയൽ

ചെയ്തിരുന്ന OA(EKM)1985/2023-ലെ പരാമർശം (4) ലെ വിധിന്യായം പാലിച്ചുകൊണ്ട് പരാമശം (5) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ, ടിയാൾക്ക് K S & SSR rule 9(a) (i) പ്രകാരം മുനിസിപ്പൽ സെക്രട്ടറി സ്ഥാനത്തേക്ക് താൽക്കാലിക നിയമനമാണ് നൽകിയത് എന്നതിനാൽ ടിയാൻ മുനിസിപ്പൽ കോമൺ സർവീസിൽ തന്നെ തുടർന്നതായി കണക്കാക്കാവുന്നതാണെന്നും അതിനാൽ KS & SSR Rule 8 ബാധകമാവില്ലെന്നും ടിയാൾക്ക് മാതൃവകുപ്പിൽ കാലാകാലങ്ങളിൽ അനുവദിച്ചിരുന്ന സ്ഥാനക്കയറ്റങ്ങളെ തുടർന്ന് ശമ്പളനിർണ്ണയം അനുവദിക്കാതിരുന്നത് പരിശോധിച്ച് വകുപ്പിൻറെ സ്പെഷ്യൽ റൂൾ പ്രകാരമോ മറ്റ് കാരണങ്ങളോ ടിയാന് ശമ്പള നിർണ്ണയം അനുവദിക്കുന്നതിന് തടസമില്ലാത്ത പക്ഷം ആയത് അനുവദിക്കാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

2. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ ഇനിയും പാലിച്ചിട്ടില്ലെന്നും 2006-2007 കാലയളവിൽ മുൻസിപ്പൽ സെക്രട്ടറി III (പ്രൊവിഷണൽ) ആയി ജോലി നോക്കുകയും തുടർന്ന് മുനിസിപ്പൽ കോമൺ സർവീസിൽ സൂപ്രണ്ട് തസ്തികയിലേക്ക് തരം താഴ്ത്തപ്പെടുകയും 30.4.2007 ൽ സവീസിൽ നിന്നും വിരമിക്കുകയും ചെയ്ത ശ്രീമതി സുമംഗലാദേവിക്ക് മുൻസിപ്പൽസെക്രട്ടറി III ആയി വിരമിച്ചതായി കണക്കാക്കി, പെൻഷൻ ആനുകൂല്യങ്ങൾ ട്രഷറി മുഖേന ലഭ്യമാക്കുന്നതിന് അനുവദിച്ചത് പോലെ അപേക്ഷകനും പെൻഷൻ ആനുകൂല്യങ്ങൾ ട്രഷറി മുഖേന ലഭ്യമാക്കുന്നതിനായി അക്കൗണ്ടന്റ് ജനറലിന് നിർദ്ദേശം നൽകണം എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ടിയാൻ പരാമർശം (8) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും അതേ ആവശ്യത്തിലേക്കായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM) 231/2025 നമ്പർ കേസ് ഫയൽ ചെയ്യുകയുമുണ്ടായി.

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ OA(EKM) 231/2025 നമ്പർ കേസിലെ പരാമർശം (7) വിധിന്യായത്തിൽ ഒന്നാം എതിർ കക്ഷിയായ സർക്കാർ മുമ്പാകെ ടിയാൾ നൽകിയ Annexure A 13 (പരാമർശം 8) നിവേദനത്തിന്മേൽ വിധിന്യായം ലഭ്യമായി 2 മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

4) മുനിസിപ്പൽ കോമൺ സർവീസിൽ എൽ ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ കെ ജി രവീന്ദ്രൻ ഹെഡ് ക്ലാർക്ക് /റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ താല്ക്കാലിക സെക്രട്ടറിയായി നിയമിക്കുകയുണ്ടായി. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-III തസ്തികയിൽ താൽക്കാലിക നിയമനത്തിനായി അംഗീകാരം നൽകിയ ഉദ്യോഗസ്ഥരുടെ പാനലിൽ നിന്നുള്ള നിയമനം തികച്ചും താൽക്കാലികവും കെ.എസ് & എസ്.എസ്.ആർ ജനറൽ റൂൾ ചട്ടം 9 (എ) (1) പ്രകാരവും ആയിരിക്കുന്നതും, ഇപ്രകാരം താൽക്കാലിക നിയമനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ സർക്കാർ ഏതവസരത്തിൽ ആവശ്യപ്പെടുമ്പോഴോ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മേൽ തസ്തികയിൽ സ്ഥിരനിയമനം നടത്തുമ്പോഴോ അവരുടെ പഴയ തസ്തികയിലേക്ക് തിരിച്ചയയ്ക്കുന്നതുമാണ് എന്ന വ്യവസ്ഥയിൽ 14.12.2010-ൽ പരാമർശം (1) സർക്കാർ ഉത്തരവാകുകയും 15.12.2010 ലെ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം നഗരകാര്യ വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ പ്രൊവിഷണൽ സെക്രട്ടറിയായി നിയമനം ലഭിക്കുയും 12 വർഷത്തോളം സേവനമനുഷ്ഠിച്ച് 31.08.2022 വിരമിക്കുന്നതുവരെ പ്രൊവിഷണൽ സെക്രട്ടറിയായി തുടരുകയും ചെയ്തു.

5) സ്ഥിരം സെക്രട്ടറിമാരുടെ അഭാവത്തിൽ സബോർഡിനേറ്റ് സർവ്വീസിലെ qualified ആയ ഉദ്യോഗസ്ഥരെ മാതൃ വകുപ്പിൽ നിലനിർത്തിയാണ് താൽക്കാലിക സെക്രട്ടറിമാരായി നിയമിക്കുന്നത്. ഇങ്ങനെയുള്ള ജീവനക്കാർക്ക് അവർ മാതൃ വകുപ്പിൽ സേവനം അനുഷ്ഠിച്ചിരുന്നെങ്കിൽ

ലഭിക്കുമായിരുന്ന പ്രൊമോഷനുകൾ നോഷണലായി അനുവദിച്ചാണ് ശമ്പള നിർണ്ണയം നടത്തി വരുന്നത്. പരാതിക്കാരന് യഥാസമയങ്ങളിൽ ടിയാന്റെ അപേക്ഷയും, ഓപ്ഷനും അംഗീകരിച്ച് അർഹതപ്പെട്ട പ്രൊമോഷനുകൾ നോഷണലായി അനുവദിച്ച് നൽകിയിരുന്നെങ്കിലും അക്കൗണ്ടന്റ് ജനറലിന്റെ payslip-ന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ ഗ്രേഡ് III യുടെ ശമ്പള സ്കെയിലിൽ ശമ്പളം കൈപ്പറ്റിയിരുന്നതിനാൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള നിർണ്ണയം യഥാസമയങ്ങളിൽ നടത്തിയിരുന്നില്ല. അർബൻ അഫയേഴ്സ് വകുപ്പ് പൂർണ്ണമായും സർക്കാർ വകുപ്പ് ആയതിനാലും മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തിക ഗസറ്റഡ് തസ്തിക ആയതിനാലും അക്കൗണ്ടന്റ് ജനറലിന്റെ payslip ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബന്ധപ്പെട്ട ട്രഷറികളിൽ നിന്നാണ് ശമ്പളം നൽകിവന്നിരുന്നത്. ടിയാന്റെ lien മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്ന് മാറ്റി സർക്കാർ/നിയമന അധികാരി ഉത്തരവ് പുറപ്പെടുവിക്കാത്തതിനാൽ ടിയാൻ ഏത് താൽക്കാലിക തസ്തികയിൽ സേവനമനുഷ്ഠിച്ച് വിരമിച്ചാലും ടിയാന്റെ ലാവണം മാതൃവകുപ്പായ മുനിസിപ്പൽ കോമൺ സർവ്വീസിലാണ്. ആയതിനാലാണ് ടിയാന് നോഷണലായി അർഹതപ്പെട്ട പ്രൊമോഷനുകൾ മാതൃവകുപ്പിൽ അനുവദിച്ച് നൽകിയിട്ടുള്ളത്. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) വിധിന്യായത്തിന്മേൽ, ടിയാൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ തുടർന്നിരുന്നെങ്കിൽ ലഭിക്കുമായിരുന്ന പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ 03.07.2024-ൽ പരാമർശം (5) പ്രകാരം ഉത്തരവായിരുന്നതിൻറെയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ മുനിസിപ്പൽ സർവ്വീസിൽ നിന്ന് PA/RO/AO/CS ഹയർ ഗ്രേഡ് തസ്തികയിൽ വിരമിച്ച ഉദ്യോഗസ്ഥനായി കണക്കാക്കി ശമ്പള നിർണ്ണയം നടത്താൻ ടിയാൻ വിരമിച്ച കൽപ്പറ്റ മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും സേവനപുസ്തകം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് കൈമാറിയിട്ടുള്ളതായും പരാമർശം (9) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുള്ളതാണ്. മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ verification authority കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഓഡിറ്റർമാരാകയാൽ ടി verification report ലഭിക്കുന്ന മുറക്ക്, ടിയാൻ പെൻഷൻ ബുക്ക്, അനുബന്ധ രേഖകൾ എന്നിവ സഹിതം അപേക്ഷ സമർപ്പിക്കുന്നതിനനുസരിച്ച് ഓപ്റ്റ് ചെയ്യുന്ന കോർപ്പറേഷൻ/ മുനിസിപ്പാലിറ്റിയിൽ നിന്ന് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതാണ് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകന്റെ പരാതിയിൽ ചൂണ്ടിക്കാണിക്കുന്ന ശ്രീമതി സുമംഗലാദേവിക്ക് 30/04/2007 ൽ ജൂനിയർ സൂപ്രണ്ടായി വിരമിച്ച ശേഷം പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ആയി നോഷണലായി പ്രൊമോഷൻ അനുവദിച്ചിരുന്നു. ആയതിനാലാണ് ശ്രീമതി. സുമംഗലാദേവി അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റിൽ നിന്ന് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ആയി വിരമിച്ചതായി കണക്കാക്കി അക്കൗണ്ടന്റ് ജനറലിനു നിർദ്ദേശം നൽകിക്കൊണ്ടും ടിയാളുടെ പെൻഷൻ ട്രഷറി മുഖേന അനുവദിച്ചു നൽകുന്നതിലേയ്ക്കുമായി 18.10.2024 ൽ പരാമർശം (6) സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളത്.

7) അപേക്ഷകൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ PA/RO/AO/CS ഹയർ ഗ്രേഡ് തസ്തികയിൽ വിരമിച്ച ഉദ്യോഗസ്ഥനാകയാൽ ടിയാന്റെ Service Verification Authority കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് ലോക്കൽ ഫണ്ടിൽ നിന്നാണ് പെൻഷൻ അനുവദിക്കുന്നത്. ടി ജീവനക്കാർക്ക് consolidated fund ൽ നിന്ന് പെൻഷൻ അനുവദിക്കാൻ നിലവിലെ സർവ്വീസ് ചട്ടങ്ങൾ അനുവദിക്കുന്നില്ല. ശ്രീമതി സുമംഗലാദേവിക്ക് 21.02.2015-ലെ പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ആയി നോഷണലായി പ്രൊമോഷൻ അനുവദിച്ചിരുന്നതിനാലാണ് ടിയാൾ അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റിൽ നിന്ന് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III ആയി വിരമിച്ചതായി കണക്കാക്കി സംസ്ഥാന ട്രഷറി വഴി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയിരുന്നത്.

8) മേൽ വിവരിച്ച സാഹചര്യത്തിൽ, ശ്രീമതി സുമംഗലാദേവിക്ക് അനുവദിച്ചത് പോലെ സംസ്ഥാന ട്രഷറി വഴി പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കണമെന്ന, അപേക്ഷകനായ ശ്രീ.കെ.ജി.രവീന്ദ്രൻറെ ആവശ്യം നിരസിച്ചുകൊണ്ടും, പരാമർശം (5) സർക്കാർ ഉത്തരവ് അടിയന്തരമായി നടപ്പിലാക്കാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ശ്രീ.കെ.ജി.രവീന്ദ്രൻ(റിട്ട) മുൻസിപ്പൽസെക്രട്ടറി ഗ്രേഡ് III(പ്രൊവിഷണൽ) ഫയൽ ചെയ്ത OA(EKM)231/2025 ലെ 25.03.2025-ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ ,കേരളം, എറണാകുളം(ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ട്മെൻറ്, തിരുവനന്തപുരം
ശ്രീ.കെ.ജി.രവീന്ദ്രൻ(റിട്ട)മുൻസിപ്പൽസെക്രട്ടറിIII (പ്രൊവിഷണൽ), കാപ്പിക്കുന്ന് (വീട്)
ശിവകൃപ,വിദ്യാനഗർ, കൽപ്പറ്റ, വയനാട് 673122
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 09-06-2025 10:14:31

സെക്ഷൻ ഓഫീസർ